പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T1199 — 03.12.2018- ൽ മറുപടിക്ക്

## കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള റോഡുകളുടെ നവീകരണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സണ്ണി ജോസഫ് | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള പ്രധാന റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br>(ബി) പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണത്തിന് എന്തെല്ലാം നടപടികൾ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും | ഉണ്ട്. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള അനുബന്ധ റോഡുകളായി വികസിപ്പിക്കാവുന്ന 6 റോഡുകൾ കണ്ടെത്തുകയും അവ നാലുവരിപ്പാതയായി വികസിപ്പിക്കുന്ന രീതിയിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിന് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. പ്രസ്തുത പാക്കേജിൽ ഉൾപ്പെട്ടതും കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയതുമായ 4 റോഡുകൾ, നാലുവരിപ്പാതയായി നിർമ്മിക്കുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ, രണ്ട് ഘട്ടമായി(ആദ്യ ഘട്ടത്തിൽ രണ്ടുവരിപ്പാതയായും അടുത്ത ഘട്ടത്തിൽ നാലുവരിപ്പാതയായും) വികസിപ്പിക്കുന്നതിന് 25.06.2018-ലെ സ.ഉ(കൈ)നം.23/2018/പൊ.മ.വ പ്രകാരവും അംഗീകാരം നൽകുകയുണ്ടായി. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റോഡ് കണക്ടിവിറ്റി പാക്കേജിൽ ഉൾപ്പെട്ട 6 റോഡുകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## 1. തലശ്ശേരി - കൊടുവള്ളി - മമ്പറം - അഞ്ചരക്കണ്ടി - മട്ടന്നൂർ എയർപോർട്ട് റോഡ്(24.50 കി.മി).

നിലവിൽ ഈ റോഡ് രണ്ട് വരിപ്പാതയിൽ ഡി.ബി.എം ഉപരിതലത്തോടുകൂടിയുള്ളതാണ്. പ്രസ്തുത റോഡ് 24 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് തീരുമാനമാവുകയും ആയതു പ്രകാരം ഭൂമിയുടെ അതിർത്തി നിർണ്ണയവും കെട്ടിടങ്ങളുടെയും മറ്റും കണക്കെടുപ്പും പുരോഗതിയിലാണ്. പ്രസ്തുത റോഡിൽ നിന്ന് തലശ്ശേരി മാഹി ബൈപ്പാസിലേക്ക് പ്രവേശനം സാധ്യമാകുന്ന വിധത്തിൽ സർവ്വീസ് റോഡുകൾ നിർമ്മിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

## 2. കുറ്റ്യാടി - നാദാപുരം - പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട് - കൂത്തുപറമ്പ്-മട്ടന്നൂർ റോഡ്(53.15 കി.മി).

ഈ പ്രവൃത്തിയുടെ കുറ്റ്യാടി മുതൽ പെരിങ്ങത്തൂർ വരെയുള്ള ഭാഗം കോഴിക്കോട് നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്നതും നിലവിൽ ബി.എം&ബി.സി ചെയ്ത രണ്ടുവരിപ്പാതയുമാണ്. ആയത് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള അലൈൻമെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്. പെരിങ്ങത്തൂർ മുതൽ മട്ടന്നൂർ വരെയുള്ള ഭാഗം കണ്ണൂർ നിരത്ത് വിഭാഗത്തിന് കീഴിൽ വരുന്നതാണ്. ഇതിന്റെ കരട് അലൈൻമെന്റ് തയ്യാറായിട്ടുണ്ട്. ഇതിൽ പെരിങ്ങത്തൂർ മുതൽ കൂത്തുപറമ്പ് വരെയുള്ള ഭാഗം ബി.എം&ബി.സി ചെയ്ത ഉപരിതലത്തോടുകൂടിയുള്ള രണ്ടുവരിപ്പാതയാണ്. നാലുവരിപ്പാതയാക്കുന്നതിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വെ നടപടികൾ 2018 ഡിസംബർ 31-ോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

## 3. മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ്(63.50 കി.മി).

വനപ്രദേശം ഒഴികെയുള്ള 'മാനന്തവാടി - ബോയ്സ് ടൗൺ - പേരാവൂർ - ശിവപുരം - മട്ടന്നൂർ റോഡ് കിഫ്ബിയിൽ ഉൾപ്പെടുത്തി നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനാണ് 30.12.2017-ലെ സ.ഉ(കൈ)നം.74/2017/പൊ.മ.വ പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളത്. പ്രസ്തുത റോഡിന്റെ മാനന്തവാടി മുതൽ അമ്പായത്തോട് വരെയുള്ള ഭാഗം വയനാട് നിരത്ത് വിഭാഗത്തിന്റെ കീഴിലും അമ്പായത്തോട് മുതൽ മട്ടന്നൂർ വരെയുള്ള ഭാഗം കണ്ണൂർ നിരത്ത് വിഭാഗത്തിന്റെ കീഴിലുമാണ്. പ്രസ്തുത റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള അലൈൻമെന്റ് ഫൈനലൈസ് ചെയ്യുന്നതിനുള്ള സർവ്വെ നടപടികൾ 2018 ഡിസംബർ 31-ോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

## 4 & 5 കൂട്ടുപുഴപാലം - ഇരിട്ടി - മട്ടന്നൂർ - വായന്തോട് റോഡ്(32.00 കി.മി) & മേലെ ചൊവ്വ - ചാലോട് - വായന്തോട് - മട്ടന്നൂർ - എയർപോർട്ട് റോഡ്(26.30 കി.മി).

കേന്ദ്ര സർക്കാർ നിലവിൽ രണ്ടുവരിയിൽ ദേശീയപാതയായി വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയ കണ്ണൂർ(ചൊവ്വ)- വിരാജ്പെട്ട് റോഡിന്റെ ഭാഗമാണ് പ്രസ്തുത 2 റോഡുകൾ. ഇവ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

## 6. തളിപ്പറമ്പ - ചെറുക്കള - നണിശ്ശേരിക്കടവ് പാലം - മയ്യിൽ - ചാലോട് റോഡ്(27.20 കി.മി).

പ്രസ്തുത റോഡ് രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് നിലവിൽ നാലുവരിപ്പാതയായി വികസിപ്പിക്കേണ്ട ആവശ്യകതയില്ലെന്നും നിലവിൽ സാമ്പത്തികാനുമതി ലഭിച്ച കിഫ്ബി പ്രവൃത്തി പൂർത്തിയാക്കിയാൽ മതിയാകുമെന്നും ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ